**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5278** | **23/05/2017-ൽ മറുപടിയ്ക്ക്**

# തീരം ടൂറിസം സഹകരണ സംഘം

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ നഗരസഭയിൽ ഇ.എം.എസ്. സ്റ്റേഡിയത്തിലെ മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് നഗരസഭയുടെ തീരുമാനത്തിലെ അപാകതമൂലം വകുപ്പു മന്ത്രിയ്ക്ക് ലഭിച്ച പരാതികളുടെ മേൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ ഇടയായത് പരിശോധനയിൽ വന്നിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വ്യവസ്ഥാപിതമായ കരാറില്ലാതെ തീരം ടൂറിസം സഹകരണ സംഘത്തിന് പ്രസ്തുത സ്ഥാപനത്തിൽ മുറി അനുവദിക്കുകയും, പ്രസ്തുത മുറിയുടെ വാടക നൽകണമെന്ന് നഗരസഭ ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് സംഘം വകുപ്പു മന്ത്രിക്ക് നൽകിയ പരാതി (E1-18582/16) യിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (സി) | പരാതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നാം റിപ്പോർട്ടിനായി നേരിട്ട് നഗരകാര്യ ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും ആലപ്പുഴ നഗരസഭയിൽ നിന്ന് വിശദാംശങ്ങൾ ലഭ്യമാക്കി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പരാതി റിപ്പോർട്ട് നൽകുന്നതിനായി ആലപ്പുഴ നഗരസഭയ്ക്ക് എന്നാണ് അയച്ചുകൊടുത്തത്; | (ഡി) | നഗരകാര്യ ഡയറക്ടർ 23.08.2016-ന് ആലപ്പുഴ നഗരസഭയ്ക്ക് അയച്ചു കൊടുത്തു. |
| (ഇ) | ഇതു സംബന്ധിച്ച് നഗരസഭയിൽ നിന്നും മറുപടി നൽകാതിരുന്നതിനെ തുടർന്ന് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നായിരുന്നു; അതിന് മറുപടി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ഇ) | 31/12/2016-ലെ ജി1-18630/16 നമ്പരായി ഓർമ്മക്കുറിപ്പ് അയച്ചിരുന്നു. 01.03.2017-ൽ നഗരസഭയിൽ നിന്നും നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. |
| (എഫ്) | വാടക മുൻകൂർ തുക ഒടുക്കിയതിന് ശേഷം വാടക കരാറിൽ എത്തിച്ചേരാൻ കഴിയാതിരുന്നാൽ പ്രസ്തുത മുൻകൂർ തുകയിൽ നിന്ന് വാടക ഈടാക്കണമെന്ന് ഏതു നിയമത്തിലും ചട്ടത്തിലുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എഫ്) | നഗരസഭ കൗൺസിൽ തീരുമാന പ്രകാരമാണ് മുൻകൂർ തുകയിൽ നിന്നും വാടക ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കരാറിൽ എത്തിച്ചേരുന്നതിന് തീരം ടൂറിസം സഹകരണ സംഘത്തിന് കത്ത് അയച്ചിട്ടും എഗ്രിമെന്റ് വച്ചിട്ടില്ല എന്ന് നഗരസഭ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ജി) | സഹകരണ സംഘത്തിന്റെ അപേക്ഷയാണ് എന്ന പ്രത്യേക പരിഗണന നൽകി, സംഘം നഗരസഭയിൽ അടച്ചിട്ടുള്ള മുൻകൂർ തുക തിരികെ നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടി കൈക്കൊള്ളുമോ? | (ജി) | ഇത് നഗരസഭാ കൗൺസിലിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. |

**സെക്ഷൻ ഓഫീസർ**